# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 6158

10/07/2012 - ൽ മറുപടിക്ക്

## ലോകവ്യാപാര സംഘടനയുടെ ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ സർട്ടിഫിക്കറ്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. കെ. ബാലൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. എ. എം. ആരിഫ് | ശ്രീ.കെ.പി. മോഹനൻ<br>കൃഷി/മൃഗസംരക്ഷണം, അച്ചടിയും സ്റ്റേഷണറിയും വകുപ്പു മന്ത്രി |
| (എ) ലോക വ്യാപാര സംഘടനയുടെ ജിയാഗ്രാഫിക്കൽ ഇൻഡിക്കേഷൻ സർട്ടിഫിക്കേറ്റ് ലഭിച്ചിട്ടുള്ള സംസ്ഥാനത്തെ കാർഷിക വിളകൾ ഏതെല്ലാമാണ്; | (എ) കേരളത്തിൽ നിന്നും 10 വിളകൾക്ക് ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു. മലബാർ കുരുമുളക്, ആലപ്പി ഗ്രീൻ ഏലം പാലക്കാടൻ മട്ട, നവര അരി, പൊക്കാളി അരി, വയനാട് ജീരകശാല അരി, വയനാട് ഗന്ധകശാല അരി, മൺസൂൺഡ് മലബാർ കാപ്പി, മദ്ധ്യ തിരുവിതാംക്കൂർ ശർക്കര, വാഴക്കുളം പൈനാപ്പിൾ. തിരൂർ വെറ്റിലയ്ക്ക് ജി.ഐ. നേടാനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) ഈ കാർഷിക വിളകളുടെ കൃഷി പരിപോഷണത്തിന് സ്വികരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ; | (ബി) സുഗന്ധനെല്ലിനങ്ങളായ വയനാട് ജീരകശാല, ഗന്ധകശാല എന്നീ ഇനങ്ങളുടെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 10,000 രൂപ നിരക്കിലുള്ള ആനുകൂല്യവും കാർഷികയന്ത്രവൽക്കരണത്തിനുള്ള ആനുകൂല്യവും സംസ്ഥാന ഭക്ഷ്യസുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി 2010 - 11, 2011 - 12, വർഷങ്ങളിൽ അനുവദിച്ചിട്ടുണ്ട്. ആയതിലേക്കായി 2010 - 11 വർഷം 85 ലക്ഷം രൂപയും 2011 - 12 വർഷം 135 ലക്ഷം രൂപയും അനുവദിച്ചിരുന്നു. പ്രത്യേക നെല്ലിനങ്ങളായ ഞവര, പൊക്കാളി, ബസ്മതി എന്നീ നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2012 - 13 വർഷം 100 ലക്ഷം |

രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കർഷകർക്ക് ഹെക്ടറിന് 10,000 രൂപ നിരക്കിലുള്ള ആനുകൂല്യം ഈ പദ്ധതി വഴി ലഭിക്കുന്നതാണ്. പൊക്കാളി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പൊക്കാളി നിലവികസന ഏജൻസിയുടെ നേതൃത്വത്തിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കും ഉല്പാദന വർദ്ധനവിനുള്ള ധനസഹായങ്ങളും നല്കുന്നുണ്ട്. 2011 -12 വർഷം ആയതിലേക്കായി 20 ലക്ഷം രൂപ പൊക്കാളി നിലവികസന ഏജൻസിക്ക് അനുവദിച്ചിട്ടുണ്ട്.

(സി) ഇത്തരം വിളകളുടെ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് പ്രോത്സാഹനം നല്കുന്നതിനായി ഈ വിളകൾക്ക്, പ്രത്യേകിച്ച് ഔഷധഗുണമേറെയുള്ള അരിയുടെ വിപണി, വിദേശങ്ങളിലും വ്യാപിപ്പിക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ?

(സി) ഈ വിളകളുടെ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനായി 12/3/2012 ലെ സർക്കാർ ഉത്തരവ് സാധാ. നം. 575/2012/എ.ഡി പ്രകാരം 'അഗ്രികൾച്ചർ പ്രൊഡ്യൂസ് പ്രൊമോഷൻ കാംപെയ്ൻ' എന്ന പേരിൽ ഒരു പരിപാടി നടത്തുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വ്യാപാര വ്യാപാരമേളകളിലും എക്സിബിഷനുകളിലും ഈ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുകയും വിപണി കണ്ടെത്താൻ സഹായിക്കുകയും ചെയ്യുന്നതാണ്. ഇതിന്റെ ആദ്യപടി എന്ന നിലയിൽ കഴിഞ്ഞ ഏപ്രിൽ - മെയ് മാസത്തിൽ നടന്ന ശാന്തിഗിരി ഫെസ്റ്റിൽ ജി.ഐ ഉൽപന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി ഒരു സ്റ്റാൾ ഡബ്ല്യൂ.റ്റി.ഒ. സെല്ലിന്റെ നേതൃത്വത്തിൽ ഒരുക്കിയിരുന്നു.

അണ്ടർ സെക്രട്ടറി